**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2695** **13-12-2022 - ൽ മറുപടിയ്ക്ക്**

**ബില്ലുകൾ ഡിസ്കൗണ്ട് ചെയ്ത് നൽകുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട ഇടത്തരം സംരംഭമേഖലയിലെ സംരംഭങ്ങളുടെ ബില്ലുകൾ ഡിസ്കൗണ്ട് ചെയ്ത് നൽകുന്നതിനായി കെ.എഫ്.സി.പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ നടപ്പ് സാമ്പത്തികവർഷം ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; എത്ര കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്; വിശദാംശം നൽകാമോ? | (എ) | 2021-22 ലെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുന്നതിനായി കെ.എഫ്.സി. പുതിയ പദ്ധതി ആവിഷ്കരിച്ചു. ഈ പദ്ധതി ഓൺലൈനായി നടപ്പിലാക്കാനായി റിസർവ് ബാങ്കിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. റിസർവ് ബാങ്കിന്റെ അംഗീകാരം താമസിക്കുന്നതിനാൽ പദ്ധതി ഭാഗീകമായി നടപ്പിലാക്കി. അപ്രകാരം, ഇതുവരെ 8 സംരംഭങ്ങൾക്കായി 70.75 കോടി രൂപയുടെ ലിമിറ്റ് കെ.എഫ്.സി. അനുവദിച്ചിട്ടുണ്ട്. ഇതിൽ നടപ്പ് സാമ്പത്തിക വർഷം 1.03കോടി രൂപ കെ.എഫ്.സി. വിതരണം ചെയ്തിട്ടുണ്ട്. ബഡ്ജറ്റ് പ്രസംഗത്തിൽ ഈ പദ്ധതിക്കായി കെ.എഫ്.സി.യ്ക്ക് 1000 കോടി രൂപ പ്രഖ്യാപിച്ചിരുന്നു . |

സെക്ഷൻ ഓഫീസർ